LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വായ്പാ വ്യവസ്ഥകൾ

126 [2263] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വർക്കല കഹാർ:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. മുരളി: താഴെ കാണുന്ന കോളേജുകൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങൾ മുഖേന വിദ്യാഭ്യാസ വായ്പ നൽകുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന്റെ പദ്ധതിയനുസരിച്ച് ഏതെല്ലാം സംസ്ഥാനങ്ങളിലുള്ള കോളേജുകളിൽ പഠിക്കുന്നതിനാണ് വായ്പ നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഒരു വിദ്യാർത്ഥിക്ക് പ്രസ്തുത സ്വകാര്യ സ്ഥാപനം ലോൺ തരപ്പെടുത്തിക്കൊടുക്കുന്നതിന് ആ സ്ഥാപനത്തിന് എന്തു തുക നൽകേണ്ടതുണ്ട്;

(സി) എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് ഈ തുക നൽകുന്നത്;

(ഡി) പഠിക്കുന്ന ഓരോ വർഷവും ലോണെടുക്കുവാൻ ഈ തുക നൽകേണ്ടതുണ്ടോ?

ഉത്തരം

(എ) സ്വകാര്യ സ്ഥാപനങ്ങൾ മുഖേന സംസ്ഥാന സഹകരണ ബാങ്ക് വിദ്യാഭ്യാസ വായ്പകൾ നൽകുന്നില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

സ്വകാര്യ സ്ഥാപനങ്ങൾ മുഖേനയുള്ള വിദ്യാഭ്യാസ വായ്പ

127 [2264] ശ്രീ. വർക്കല കഹാർ:
,, സി. പി. മുഹമ്മദ്:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന കോളേജുകൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങൾ മുഖേന വിദ്യാഭ്യാസ വായ്പ നൽകുന്നതിനുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ പദ്ധതിയനുസരിച്ച് വിദ്യാഭ്യാസ വായ്പ എടുക്കുന്നവർ പിന്നീട് തുകയും പലിശയും തിരിച്ചടയ്ക്കാത്തപക്ഷം അത് ഈടാക്കുവാൻ സ്വകാര്യ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) വിദ്യാഭ്യാസ വായ്പ നൽകുന്നതിനായി സ്വകാര്യ സ്ഥാപനങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും നൽകുന്ന തുകയുടെ തിരിച്ചടവ് നടത്തേണ്ടത് സ്വകാര്യ സ്ഥാപനങ്ങളാണോ;

(സി) എങ്കിൽ അത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്?

ഉത്തരം

(എ) സഹകാര്യ സ്ഥാപനങ്ങൾ മുഖേന സംസ്ഥാന സഹകരണ ബാങ്ക് വിദ്യാഭ്യാസ വായ്പകൾ നൽകുന്നില്ല.

(ബി) സഹകാര്യ സ്ഥാപനങ്ങൾ വഴി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും വിദ്യാഭ്യാസ വായ്പകൾ നൽകുന്നില്ല.

(സി) ബാധകമല്ല.

സംസ്ഥാന സഹകരണ യൂണിയൻ മാനേജ്മെന്റ് കമ്മിറ്റി

128 [2265] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയൻ മാനേജ്മെന്റ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) തെരഞ്ഞെടുത്ത മാനേജിംഗ് കമ്മിറ്റി ഇല്ലാതായിട്ട് എത്ര മാസങ്ങൾ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി എന്ന് നിലവിൽവരും എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സഹകരണ യൂണിയന്റെ ഇപ്പോഴത്തെ മാനേജിംഗ് കമ്മിറ്റിയെ സർക്കാർ നിയോഗിച്ചത് എപ്പോഴായിരുന്നു. അത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 36 മാസങ്ങൾ കഴിഞ്ഞു.

(സി) സർക്കിൾ സഹകരണ യൂണിയനുകളിലെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്. സംസ്ഥാന സഹകരണ യൂണിയന്റെ ഫൊതുയോഗത്തിലേക്ക് പ്രതിനിധികളെ സർക്കിൾ സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുത്ത് അയയ്ക്കുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാന സഹകരണ യൂണിയന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതി നിലവിൽ വരുന്നതാണ്.

(ഡി) ആദ്യമായി 16-7-2002-ലെ ജി. ഒ. (ആർ. റ്റി.) നം. 287/2002/സഹ. ഉത്തരവു പ്രകാരം അഡ്മിനിസ്ട്രേറ്റീവ്, കമ്മിറ്റിയെ നിയമിക്കുകയും പിന്നീട് ടി കമ്മിറ്റി അംഗമായ ശ്രീ. കെ. ശശിധരൻ പകരം 7-4-2003-ലെ ജി. ഒ. (ആർ. റ്റി.) നം. 220/2003/സഹ. ഉത്തരവു പ്രകാരം ശ്രീ. ആർ. രാമചന്ദ്രൻ നായരെ മാറ്റി നിയമിക്കുകയും ചെയ്ത ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly